**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അതിഥി മന്ദിരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ, അതിഥി മന്ദിരങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ജലസേചന വകുപ്പിൽ കണ്ണൂർ പഴശ്ശി പദ്ധതിക്ക് കീഴിൽ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവും, ഒരു അതിഥി മന്ദിരവുമുണ്ട്. റിസർവോയർ പരിസരത്ത് സ്ഥിതി ചെയ്യുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവ് പഴകി ജീർണ്ണിച്ച അവസ്ഥയിലായതിനാൽ സന്ദർശന / വാസയോഗ്യമല്ല. അതിഥി മന്ദിരം സ്ഥിതി ചെയ്യുന്നത് പറശ്ശിനിക്കടവ് പ്രദേശത്താണ്. കുറ്റ്യാടി പദ്ധതിയിലെ പെരുവണ്ണാമൂഴി സബ്ഡിവിഷനു കീഴിൽ 2 മുറികളോട് കൂടിയ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവും, 5 മുറികളോട് കൂടിയ ഒരു അനക്സ് കെട്ടിടവുമുണ്ട്. കാരാപ്പുഴ പദ്ധതിയ്ക്ക് കീഴിൽ കൽപ്പറ്റ ഡിവിഷൻ ഓഫീസിന് സമീപത്തും, വാഴവറ്റ സബ്ഡിവിഷൻ ഓഫീസിന് സമീപത്തുമായി ഓരോ ഇൻസ്പെക്ഷൻ ബംഗ്ലാവ് നിലവിലുണ്ട്, എന്നാൽ കാലപ്പഴക്കം മൂലം ചോർച്ച ഭീഷണി നേരിടുന്നതിനാൽ പൂർണ്ണതോതിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല.<br><br>ശിരുവാണി പ്രോജക്ട് സർക്കിളിൽ പാലക്കാട് മംഗലം ഡാം, പോത്തുണ്ടി, മലമ്പുഴ ഡാം, ചിറ്റൂർ, മീങ്കര, ചുള്ളിയാർ, വാളയാർ, അഗളി, ഒറ്റപ്പാലം സബ് ഡിവിഷൻ, ശിരുവാണി ഹൗസ്, കാഞ്ഞിരപ്പുഴ സബ്ഡിവിഷൻ, ശിരുവാണി പ്രോജക്ട് ഹൗസ് എന്നിങ്ങനെ ആകെ 12 ഇൻസ്പെക്ഷൻ ബംഗ്ലാവുകളുണ്ട്. കൂടാതെ മലമ്പുഴ റിസോർട്ട്, ഫേൺ കോട്ടേജ് മലമ്പുഴ എന്നിങ്ങനെ രണ്ട് അതിഥി മന്ദിരങ്ങളും ഉണ്ട്.<br><br>പിറവം പ്രോജക്ട് സർക്കിളിനു കീഴിൽ പെരുമ്പാവൂർ, ഭൂതത്താൻകെട്ട് (പി.വി.ഐ.പി ഡിവിഷൻ നം.1, പെരുമ്പാവൂർ), ആലുവ, കോലഞ്ചേരി, അങ്കമാലി, ഭൂതത്താൻകെട്ട് (ഐ.ഐ.പി ഡിവിഷൻ നം.1, അങ്കമാലി) ചാലക്കുടി, തുമ്പൂർമൂഴി, മലയാറ്റൂർ എന്നിവിടങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്. |

തൃശ്ശൂർ, ഇറിഗേഷൻ സെൻട്രൽ സർക്കിളിനു കീഴിൽ വാഴാനി ഡാം, ലൈബ്രറി കം കൾച്ചറൽ സെന്റർ - വാഴാനി, ചീരക്കുഴി, ചിമ്മിനി എന്നീ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്.

മൂവാറ്റുപുഴ പ്രോജക്ട് സർക്കിളിനു കീഴിൽ പാമ്പാർ പ്രോജക്ട് സബ് ഡിവിഷൻ, മറയൂർ, എം.വി.ഐ.പി പിറവം ഡിവിഷൻ (നിലവിൽ ഈ കെട്ടിടത്തിൽ സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സിന്റെ കാര്യാലയം താൽക്കാലികമായി പ്രവർത്തിച്ചു വരുന്നു), എം.വി.ഐ.പി സബ് ഡിവിഷൻ നം.1, മുട്ടം, കൂത്താട്ടുകുളം എന്നിവിടങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്.

കൊട്ടാരക്കര, കെ.ഐ.പി (ആർ.ബി) സർക്കിളിനു കീഴിൽ കൊല്ലം ആശ്രാമത്ത് ഒരു റെസ്റ്റ് ഹൗസും തെന്മല സബ് ഡിവിഷൻ കാര്യാലയത്തിനു കീഴിൽ 2 ഇൻസ്പെക്ഷൻ ബംഗ്ലാവുകളും ഉണ്ട്. ഇതിൽ പഴയ ഇൻസ്പെക്ഷൻ ബംഗ്ലാവിൽ തെന്മല പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നു. പുതിയ ഇൻസ്പെക്ഷൻ ബംഗ്ലാവ് പൊതുജനങ്ങൾക്ക് താമസിക്കുന്നതിനായി വാടകയ്ക്ക് നൽകാറുണ്ട്. കൊട്ടാരക്കരയിലും അടൂർ നെല്ലിമൂട്ടിൽപ്പടി കാമ്പസിലും ഓരോ ഇൻസ്പെക്ഷൻ ബംഗ്ലാവ് ഉണ്ട്. നിലവിൽ അടൂർ ഹൈഡ്രോളജി സെക്ഷൻ, അടൂർ മൈനർ ഇറിഗേഷൻ സെക്ഷൻ, കടമ്പനാട് മൈനർ ഇറിഗേഷൻ സെക്ഷൻ എന്നീ കാര്യാലയങ്ങൾ നെല്ലിമൂട്ടിൽപ്പടി കാമ്പസിലെ ടി കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.

ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരത്തിന്റെ കീഴിൽ നെയ്യാർഡാമിൽ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവ് ഉണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പ്രധാനപ്പെട്ട ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ, അതിഥി മന്ദിരങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

1. വെള്ളയമ്പലം, തിരുവനന്തപുരം

2. പേപ്പാറ, തിരുവനന്തപുരം

3. അരുവിക്കര, തിരുവനന്തപുരം

4.കൊല്ലം

5.ശബരിമല

6. പിറവം

| | | | |
|---|---|---|---|
| | | | 7.മൂവാറ്റുപുഴ<br>8. സെമിത്തേരിമുക്ക്, എറണാകുളം<br>9. പുത്തൻകുരിശ്<br>10.മൂന്നാർ<br>11.ഗുരുവായൂർ<br>12. പാലക്കാട്<br>13.മലാപ്പറമ്പ, കോഴിക്കോട്<br>14.കണ്ണൂർ<br>15. സുൽത്താൻ ബത്തേരി<br>ഭൂജല വകുപ്പിനു കീഴിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകളോ അതിഥി മന്ദിരങ്ങളോ ഇല്ല. |
| (ബി) | പ്രസ്തുത അതിഥി മന്ദിരങ്ങൾ വാടക നിശ്ചയിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | ജലസേചന വകുപ്പിനു കീഴിലുള്ള അതിഥിമന്ദിരങ്ങൾ നിലവിൽ പൊതുജനങ്ങൾക്ക് നൽകുന്നത് പരിഗണനയിലില്ല.<br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള അതിഥിമന്ദിരങ്ങളിൽ ചിലത് നിലവിൽ പൊതുവായി വാടക നിശ്ചയിച്ച് പൊതുജനങ്ങൾക്കും നൽകി വരുന്നുണ്ട്. എല്ലാ അതിഥി മന്ദിരങ്ങളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചശേഷം പൊതുജനങ്ങൾക്ക് കൂടി ഉപയോഗപ്രദമാകുന്ന വിധം ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ